(എ) പ്രൈമറി വിദ്യാർത്ഥികൾക്ക് മൂന്ന് നേരം ഭക്ഷണം നൽകുന്നതിനായി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ വാങ്ങിയിട്ടുണ്ടോ;

(ബി) ഈ അടിസ്ഥാനത്തിൽ 1997-98-ൽ എത്ര മെട്രിക് ടൺ അരി കേന്ദ്രത്തിൽ നിന്നും വാങ്ങി;

(സി) 1997 ജൂലായ് 24-ന് വിദ്യാഭ്യാസ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം ഭക്ഷണവും, ഉച്ചഭക്ഷണവും സായാഹ്ന ലഘുഭക്ഷണവും വിദ്യാർത്ഥികൾക്ക് നൽകുന്നതിനുള്ള രൂപരേഖ തയ്യാറാക്കുവാൻ ഗവൺമെന്റ് വിദ്യാഭ്യാസ ഡയറക്ടറോടു നിർദ്ദേശിച്ചുവോ;

(ഡി) എങ്കിൽ ഇതനുസരിച്ച് വിദ്യാഭ്യാസ ഡയറക്ടർ രൂപരേഖ തയ്യാറാക്കിയോ;

(ഇ) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം മൂന്നു നേരവും പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് ഭക്ഷണം കൊടുക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഈ വിവരം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ കേന്ദ്രത്തിന്റെ പ്രതികരണം എന്തായിരുന്നു എന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) സമഗ്ര പോഷകാഹാര പരിപാടിയുടെ ഭാഗമായി അഞ്ചാം ക്ലാസുവരെയുള്ള കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റ് സൗജന്യമായി അരി നൽകുന്നുണ്ട്.

(ബി) 1997-98-ലെ അദ്ധ്യയന വർഷം 62796.06 മെട്രിക് ടൺ അരി കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു.

(സി) നിർദ്ദേശിച്ചു.

(ഡി) തയ്യാറാക്കി.

(ഇ) ഇപ്പോൾ ഒരു നേരം മാത്രമേ ഭക്ഷണം കൊടുക്കുന്നുള്ളൂ. ഈ വിവരം കേന്ദ്രത്തെ അറിയിക്കേണ്ട ആവശ്യമില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

7 (*97) മത്സ്യസമ്പത്തിന്റെ സമഗ്രവിനിമയം

ശ്രീ. ടി.കെ. ബാലൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൽസ്യസമ്പത്തിന്റെ സമഗ്ര വിനിമയത്തെ സംബന്ധിച്ച് എന്തെങ്കിലും സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഏത് സമിതിയാണ് പഠനം നടത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ ജലാശയങ്ങൾ, കടൽഭാഗം എന്നിവയെപ്പറ്റിയുള്ള ശാസ്ത്രീയവിവരങ്ങൾ അടിസ്ഥാനമാക്കി മത്സ്യസമ്പത്ത് ചോർന്നു പോകാതെ സംരക്ഷിക്കുവാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) മത്സ്യവിപണനത്തിന് എന്തൊക്കെ ഘടകങ്ങൾ നിലവിലുണ്ടെന്നാണ് സമിതി കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ജി) മത്സ്യസമ്പത്തിന്റെ സമഗ്രവിനിമയം കാര്യക്ഷമമായി നടപ്പാക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ&സി) സംസ്ഥാനത്തെ മത്സ്യസമ്പത്തിന്റെ സമഗ്രവിനിയോഗത്തെ സംബന്ധിച്ച് പഠിച്ച് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ ശ്രീ. കെ.എസ്.അലിക്കുഞ്ഞി ചെയർമാനായ ഒരു വിദഗദ്ധസമിതിയെ നിയമിച്ചിരുന്നു. സമിതിയിലെ അംഗവും മുൻ ഫിഷറീസ് ഡയറക്ടറുമായിരുന്ന ശ്രീ. ദേവിദാസ് മേനോന്റെ നിര്യാണം മൂലം വിദഗ്ദ്ധ സമിതിയുടെ പഠനം പൂർത്തിയായിട്ടില്ല.

(ഡി)-(എഫ്) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ജി) റിപ്പോർട്ടു ലഭിക്കുന്ന മുറയ്ക്കു നടപ്പാക്കുന്നതാണ്.

8 (*98) മാനവീയം പരിപാടിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ

ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനവീയം പരിപാടിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതോടനുബന്ധിച്ച് എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഏതൊക്കെ വകുപ്പുകളിൽ ഇതനുസരിച്ച് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ;

(ഡി) എല്ലാ വകുപ്പുകളിലും ഈ പരിപാടി നടപ്പാക്കുന്നതിന്റെ മേൽനോട്ടവും അധികാരവും സാംസ്കാരികവകുപ്പിനാണോ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പരിപാടികൾ നടപ്പാക്കുന്നതിന് മൊത്തം എന്തു തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(എഫ്) ഈ പരിപാടി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly